# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3031** **21/08/2017 ൽ മറുപടിയ്ക്ക്**

## കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ :** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ തസ്തികയിൽ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നുണ്ടോ; ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ തസ്തികയിൽ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നുണ്ട്. ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, വാഴക്കന്നുകൾ എന്നിവ ഇവിടെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. |
| (ബി) പ്രസ്തുത സ്ഥാപനത്തിലെ കൃഷി ഓഫീസർ തുടർച്ചയായി അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ കുലശേഖരപുരം കൃഷി ഭവനിലെ കൃഷി ഓഫീസർക്ക് അധിക ചുമതല നൽകി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) അധിക ചുമതല നല്കിയിട്ടുണ്ട്. 17.04.2017 മുതൽ 17.06.2017 വരെ സീനിയർ അഗ്രികൾച്ചർ ഓഫീസർ അവധിയിലായിരുന്നതിനാൽ കുലശേഖരപുരം കൃഷി ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. ആയതിന് ശേഷം 01.08.2017 മുതൽ 10.08.2017 വരെ വീണ്ടും സീനിയർ കൃഷി ഓഫീസർ അവധിയിലായിരുന്നതിനാൽ കുലശേഖരപുരം കൃഷി ഓഫീസർക്ക് അധിക ചുമതല നൽകിയിരുന്നു. 11.08.2017 ന് സീനിയർ കൃഷി ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (സി) വിവിധ കാർഷിക പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്ന കുലശേഖരപുരം കൃഷി ഭവന്റെ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിലുള്ള നടപടി ഒഴിവാക്കി പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ തരത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിൽ കുലശേഖരപുരം കൃഷിഭവനിലേക്ക് ഉമ്മന്നൂർ കൃഷി ഭവനിൽ നിന്നും ഒരു കൃഷി അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**